പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 702 — 10/02/2016 ൽ മറുപടിക്ക്

## പുതുക്കാട് താലൂക്ക് ആശുപത്രി

| | ചോദ്യം<br>പ്രൊഫ. സി.രവീന്ദ്രനാഥ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുതുക്കാട് താലൂക്കാശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ഒരു അസിസ്റ്റന്റ് സർജന്റെയും, ഒരു ജൂനിയർ കൺസൾട്ടന്റിന്റെ (അനസ്തേഷ്യ) യുടെയും, രണ്ട് ഗ്രേഡ് -II ആശുപത്രി അറ്റൻന്റമാരുടെയും ഒഴിവുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ആവശ്യമായ ജീവനക്കാരെ എന്ന് നിയമിക്കാനാകും എന്ന് അറിയിക്കുമോ? | (ബി) | പി.എസ്.സി. നിയമനം വഴിയോ പഠനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പുനർനിയമനം നൽകുന്നതു വഴിയോ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ളവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴി ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആശുപത്രി അറ്റൻന്റിന്റെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കാട് താലൂക്കാശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം 5067/എം1/15/ആ.കു.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ